# INDIAN SCHOOL MULADHA
## PRE BOARD EXAMINATION (2023 – 24)
## MALAYALAM (012)

Name of the Student:
Class: X　　　　Time : 3 Hours
Date:　　　　Max. Marks: 80

**General Instructions : The Question paper is divided in to Two sections :**

**Section A : Reading Comprehension**

**Vocabulary Building &Literature (Prose, Poetry )& M.C.Q : 40 marks**

**Section B : Grammar & Literature (Prose, Poetry ) : 40 marks**

**എ - വിഭാഗം**

I ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഏതെങ്കിലും എട്ടെണ്ണത്തിന് മാത്രം ശരിയുത്തരം എടുത്തെഴുതുക (ഓരോന്നിനും 1 മാർക്കു വീതം) (8x1= 8)

ജീവന്റെ നിലനിൽപ്പിന് ആധാരം അന്തരീക്ഷവും ജലവുമാണ്. സമൂഹത്തിന്റെ മുഴുവൻ സാമ്പത്തിക വികസനത്തിലും ജലം സുപ്രധാന പങ്ക് വഹിക്കുന്നു. അതിശയിപ്പിക്കുന്ന ഒരു വസ്തുത ജലത്തിന്റെ ആഗോള ഉപഭോഗം 20 വർഷം കൂടുമ്പോൾ ഇരട്ടിയായി വർദ്ധിക്കുന്നു എന്നതാണ്- ജനസംഖ്യ വർദ്ധനവിനെക്കാൾ രണ്ടര മടങ്ങു കൂടുതലാണിത്. ശുദ്ധമായ ജലവും വായുവും മണ്ണും നമ്മുടെ അവകാശമാണ്. പക്ഷേ ഇവയെ സംരക്ഷിക്കേണ്ടതും നമ്മൾ തന്നെയാണ്. ജലസമ്പത്തിനുമേൽ സമ്മർദ്ദം വർദ്ധിക്കാനുള്ള ഒരു പ്രധാന കാരണം ജനസംഖ്യാ വർദ്ധനവാണ്. ലോകജലസമ്പത്ത് അസന്തുലിതമാണെന്നിരിക്കെ ജനസംഖ്യാ വർദ്ധനവ് ജലസമ്പത്തിന് മേലുള്ള സമ്മർദ്ദം വർദ്ധിപ്പിക്കുന്നു. ഉദാഹരണമായി ലോകജനസംഖ്യയുടെ 20 ശതമാനത്തോളം ചൈനയിലാണ്. പക്ഷെ, ആഗോള ജലസമ്പത്തിന്റെ 6.7 % മാത്രമേ ചൈനക്കുള്ളൂ. ഇന്ത്യയുടെ കാര്യമെടുത്താൽ ആഗോള ജനസംഖ്യയുടെ 17% ഇന്ത്യയിലാണ്. പക്ഷേ ജലസമ്പത്തിന്റെ 4 ശതമാനം മാത്രമേ ഇന്ത്യയിൽ ഉള്ളൂ. എങ്കിലും സന്തോഷിക്കാനും ചിലതുണ്ട്. ലോകരാജ്യങ്ങൾ ഇന്ന് ജലസംരക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നുണ്ട്. ജലസംഭരണ ശേഷി വർദ്ധിപ്പിക്കാനായി നിക്ഷേപങ്ങൾ നടത്തുന്നുമുണ്ട്. പക്ഷെ, ജലസംഭരണത്തിന്റെ കാര്യത്തിൽ മറ്റു രാജ്യങ്ങൾക്കു പിന്നിലാണ് ഇന്ത്യ. പ്രകൃതി സംരക്ഷണവും ആരോഗ്യ പരിപാലനവും വ്യക്തിശുചിത്വവും എല്ലാം ഒരു നിതാന്ത ജാഗ്രതയായി കൂടെ ഉണ്ടാവേണ്ടതാണ്. പ്രകൃതി ദുരന്തങ്ങൾ ഉണ്ടാവുമ്പോഴും മഹാമാരികൾ ഉടലെടുക്കുമ്പോഴും മാത്രമല്ല. അന്തരീക്ഷത്തിന്റെ രക്ഷകവചമായ ഓസോൺ പാളികളിലെ വിള്ളലുകൾ ഇല്ലാതായേക്കാം. പക്ഷേ അതിലും പ്രധാനമാണ് ഭരണകൂടങ്ങൾ തമ്മിലും രാജ്യങ്ങൾ തമ്മിലും മനുഷ്യർ തമ്മിലും ഉള്ള വിള്ളലുകൾ ഇല്ലാതാവുക എന്നത്. ലോകമഹായുദ്ധങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നതും ഇതുതന്നെയാണ്. ആഗോളതാപനത്തിനും കാലാവസ്ഥാ വ്യത്യാനത്തിനും പ്രകൃതി മലിനീകരണത്തിനും മഹാമാരികൾക്കും എതിരെയുള്ള യുദ്ധം ആഗോളതലത്തിൽ ഒരുമിച്ചു നിന്ന് പൊരുതി ജയിക്കേണ്ട ഒന്നാണ്. ചന്ദ്രനിൽ ഇറങ്ങി, ചൊവ്വയിലേക്ക് റോബോട്ടുകളെ അയച്ച്, അന്യഗ്രഹങ്ങളെ കുറിച്ച് ഗവേഷണങ്ങൾ നടത്തുന്ന, പ്രപഞ്ചത്തിലെ അനന്ത സാധ്യതകളിലേക്കുള്ള അറിവിന്റെ ജാലകം തുറക്കുന്ന മനുഷ്യന് സ്വന്തം ഗ്രഹമായ ഭൂമിയിലെ വിഭവങ്ങളെ സംരക്ഷിക്കുവാനും പരിപാലിക്കുവാനും ഇനിയെങ്കിലും സാധിക്കട്ടെ.

ചോദ്യങ്ങൾ

(a). ജീവന്റെ നിലനിൽപിന് ആധാരമെന്ത് ?

(b). നിതാന്ത ജാഗ്രതയായി കൂടെ ഉണ്ടാവേണ്ടതെന്താണ് ?

(c). ആഗോളതലത്തിൽ ഒരുമിച്ചു നിന്ന് പൊരുതി ജയിക്കേണ്ടതെന്ത് ?

(d). ലോകമഹായുദ്ധങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നതും ഇതു തന്നെയാണ് എന്ത് ?

(e). നമ്മുടെ അവകാശമെന്ത് ?

(f). അതിശയിപ്പിക്കുന്ന ഒരു വസ്തുത എന്ത് ?

(g). ജലസമ്പത്തിനു മേലുള്ള സമ്മർദ്ദം വർധിപ്പിക്കുന്നതെന്ത് ?

(h). മനുഷ്യൻ പ്രപഞ്ചത്തിന്റെ അനന്തസാധ്യതകളിലേക്ക് അറിവിന്റെ ജാലകം തുറന്നതെങ്ങനെ ?

(i). "ജലസംരക്ഷണത്തിന്റെ കാര്യത്തിൽ സന്തോഷിക്കാൻ ചിലതുണ്ട് " എന്തെല്ലാമാണ് സന്തോഷിക്കാൻ ഇടനൽകുന്നത് ?

2. ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഏതെങ്കിലും ഏഴെണ്ണത്തിന് മാത്രം ശരിയുത്തരം എടുത്തെഴുതുക. (ഓരോന്നിനും 1 മാർക്കു വീതം)

കേരള സംസ്ഥാനം രൂപീകൃതമായി 65 വർഷം പിന്നിട്ടു. ഇക്കാലയളവിൽ ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, തുടങ്ങി വിവിധ മേഖലകളിൽ നാം കൈവരിച്ച നേട്ടങ്ങൾ രാജ്യത്തിന് തന്നെ മാതൃകയാണ്. ഇതിൽ തന്നെ ചില നേട്ടങ്ങളിൽ ലോകത്തിലെ വികസിത രാജ്യങ്ങൾക്കു തുല്യമായ അഭിമാനാർഹമായ സ്ഥാനവും നമുക്കുണ്ട്. എന്നാൽ സമൂഹത്തിൽ വർധിച്ചു വരുന്ന ലഹരി ഉപയോഗം കേരളം നേടിയെടുത്തിട്ടുള്ള വികസനത്തിനും, പുരോഗതിക്കും, സാംസ്കാരിക മൂല്യങ്ങൾക്കും കടുത്ത വെല്ലുവിളിയാണ് ഉയർത്തുന്നത്. മനുഷ്യനെ ശാരീരികമായും, മാനസികമായും തകർക്കുന്ന സമൂഹ്യ വിപത്താണ് ലഹരി. ആരോഗ്യ പ്രശ്നങ്ങൾ, കുടുംബ ബന്ധങ്ങളുടെ തകർച്ച, കുറ്റകൃത്യം, ആത്മഹത്യ തുടങ്ങി മദ്യവും, മയക്കുമരുന്നും സൃഷ്ടിക്കുന്ന പ്രത്യാഘാതം നിരവധിയാണ്. കൂടുതലായി കുട്ടികളിലും, യുവജനങ്ങളിലും പിടിമുറുക്കുന്ന ലഹരി വസ്തുക്കളുടെ ഉപയോഗം ഒരു ദിവസം കൊണ്ട് ഉണ്ടാകുന്നതല്ല. എന്താണെന്ന് അറിയാനുള്ള ആകാംക്ഷ, കിട്ടുമെന്ന് കേട്ടിട്ടുള്ള ഉന്മാദാവസ്ഥ, സമപ്രായക്കാരുടെ പ്രേരണ, ബോറടി മാറ്റാൻ,വിഷാദം മാറ്റാൻ, ക്ഷീണം മാറ്റാൻ, വീട്ടിലെ പ്രശ്നങ്ങൾ, അധികമായി ലഭിക്കുന്ന പോക്കറ്റ് മണി എന്ത് ചെയ്യണമെന്നറിയാത്തവർ, എന്നിങ്ങനെ ലഹരി വസ്തുക്കളിലേക്ക് മാറാൻ കാരണങ്ങൾ നിരവധിയാണ്. മൊബൈൽ ഫോണും, ഇന്റർനെറ്റും ജീവിതം നിയന്ത്രിക്കുന്ന ഈ കാലഘട്ടത്തിൽ സോഷ്യൽ മീഡിയകളും ഇതിന് കാരണമാകുന്നുണ്ട്. ലഹരി മരുന്നുകളുടെ കെണിയിൽ പലപ്പോഴും അകപ്പെടുന്നത് കുട്ടികളാണ്. ജീവിതം തന്നെ വഴി തെറ്റിക്കുന്ന ഈ വസ്തുക്കളെ കുറിച്ച് വേണ്ടത്ര അറിവ് കുട്ടികൾക്കില്ല. ഉണ്ടായിരുന്നെങ്കിൽ പലരും ഈ ദുർഗതിയിൽ പെടില്ലല്ലോ! കേവലം കൗതുകത്തിനായി പലരും ആരംഭിക്കുന്ന ഈ ദുശ്ശീലം കാട്ടുതീയേക്കാൾ വേഗത്തിൽ വളർന്നു സമൂഹത്തെ കീഴ്പ്പെടുത്തുകയാണ്. ഒരിക്കലും തിരിച്ചു കയറാൻ പറ്റാത്ത മഹാ ഗർത്തങ്ങളിലേക്കാണ് ലഹരിയുടെ ഉപയോക്താക്കൾ പതിക്കുന്നത്. കാലാന്തരത്തിൽ ലഹരി ഉപയോഗിക്കാൻ കൂട്ട് നിന്നവരോ, പഠിപ്പിച്ചവരോ, ആരും കൂട്ടാനില്ലാതെ ലഹരിയുടെ മാത്രം സൗഹൃദത്തിൽ ഏകാന്തരായി കഴിയാനാണ് ഇവരുടെ വിധി. അർബുദം, ആരോഗ്യ പ്രശ്നങ്ങൾ, മാനസിക രോഗം എന്നിവ ഇവരെ തേടിയെത്തും. മാനസിക വ്യാപാരങ്ങളെയും, മൃദുല വികാരങ്ങളെയും മരവിപ്പിച്ചു കളയുന്ന ഇത്തരം രസക്കൂട്ടുകൾ ക്രൂരമായ എന്ത് പ്രവൃത്തിയും ചെയ്യാൻ മടിയില്ലാത്തവരാക്കി ഉപയോക്താക്കളെ മാറ്റുന്നുണ്ട്. ദിനംപ്രതി ഇത്തരം വാർത്തകൾ നാം

കാണുന്നതാണ്. പുതിയ രൂപത്തിലും ഭാവത്തിലും പടർന്നു പന്തലിക്കുന്ന ലഹരിയുടെ ഈ കരാള ഹസ്തങ്ങൾക്ക് കൈയാമമിടുകയെന്ന ശ്രമകരമായ ദൗത്യത്തെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലാണ് ലഹരി വിരുദ്ധ ദിനം. 1987 മുതലാണ് ഐക്യരാഷ്ട്രസഭ ജൂൺ 26 ന് ലഹരി വിരുദ്ധ ദിനമായി ആചരിച്ചു തുടങ്ങിയത്.

ചോദ്യങ്ങൾ

(a). രാജ്യത്തിനു തന്നെ മാതൃകയാവുന്ന നേട്ടങ്ങൾ കേരളം കൈവരിച്ചത് ഏതെല്ലാം മേഖലകളിൽ?

(b). എന്താണ് ലഹരി ?

(c). മദ്യവും മയക്കുമരുന്നും സൃഷ്ടിക്കുന്ന പ്രത്യാഘാതം എന്തൊക്കെയാണ് ?

(d). ലഹരിവസ്തുക്കളിലേക്ക് മാറാൻ കാരണങ്ങൾ നിരവധിയാണ്. കാരണങ്ങൾ എന്തെല്ലാം ?

(e). ലഹരിയുടെ ഉപയോക്താക്കൾ പതിക്കുന്നത് എവിടേക്കാണ് ?

(f). ലഹരി വിരുദ്ധദിനം ഓർമ്മപ്പെടുത്തുന്നതെന്ത് ?

(g). ലഹരി ഉപയോക്താക്കളെ തേടിയെത്തുന്നത് എന്തെല്ലാം ?

(h). ലഹരിമരുന്നുകളുടെ കെണിയിൽ പലപ്പോഴും അകപ്പെടുന്നത് ആര് ?

3. ബ്രാക്കറ്റിൽ നിന്നും ശരിയുത്തരം എടുത്തെഴുതുക ഏതെങ്കിലും ഏഴെണ്ണത്തിന് (7x1= 7)

(a). മഞ്ഞ് - ശരിയായ പര്യായപദം കണ്ടെത്തുക

(ഹേമം, സൗധം, ചെപ്പ്, ഹിമം, നിഹാരം)

(b). ശരിയായ നാനാർത്ഥം എഴുതുക. പണം

(ധനം, പഴയ ഒരു നാണയം, കടം, മനുഷ്യൻ)

(c). ചില്ല് - ചില്ല ശരിയായ അർത്ഥവ്യത്യാസം കണ്ടെത്തുക

(വെടിക്കെട്ട്, മുന്നേ, നേട്ടം, കോട്ടം, കണ്ണാടി, വൃക്ഷക്കമ്പ് )

(d). ദൃഢം - ശരിയായ വിപരീതപദം എഴുതുക

(സുദൃഢം, രഹിതം, ഉദയം, ശിഥിലം)

(e). പരിഷ്ക്കാരി - ശരിയായ എതിർലിംഗം എഴുതുക

(അപരിഷ്കൃത, പരിഷ, അപരിഷ്ക്കാരി, പരിഷ്ക്കാരിണി)

(f). ശരിയായി പിരിച്ചെഴുതിയ പദം എഴുതുക ' ചിരമഹോ '

(ചിര + അഹോ, ചിരം + അഹോ, ചിരി + അഹോ, അചിര + അഹോ)

(g). ശരിയായ വിഗ്രഹാർത്ഥം എഴുതുക - ഇരുകക്ഷി

(രണ്ടു കക്ഷി, കക്ഷി രണ്ട്, കക്ഷികൾ രണ്ട്, ഇരുവരുടെ കക്ഷി )

(h). ബാലൻ - ശരിയായ എതിർലിംഗം എഴുതുക

(ബാലിക, ബാല, അബല, ബില )

(i). ഉച്ചം - ശരിയായ വിപരീതപദം എഴുതുക

(അത്യുച്ചം, നിചം, നതം, നീതി)

(j). കടം -ശരിയായ പര്യായപദങ്ങൾ കണ്ടെത്തുക

(ഋണം, വായ്പ, കുടിശ്ശിക, തൃണം)

4 ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക (ഏതെങ്കിലും ഒൻപത് ചോദ്യങ്ങൾക്ക് മാത്രം) (9x2 = 18)

(a). i. ഉറക്കച്ചടവുമായ് നിൽക്കുന്നതെന്ത് ?

(രാക്കട, ജില്ലാശുപത്രി, വിദ്യാലയം, തെരുവ്)

ii റഫീക്ക് അഹമ്മദിന്റെ രചനാരീതിയുടെ പ്രത്യേകത എന്ത് ?

(മാനസികാപഗ്രഥനം, നർമ്മസ്പർശം, പാരമ്പര്യവും പുതുമയും കൂട്ടിച്ചേർത്തത്, തത്വചിന്ത)

(b). i മുത്തുക്കുടയും ചൂടിയിരിക്കുന്നതാര് ?

(മഹാബലി, പുള്ളുവൻ, കന്യകമാർ, കുട്ടികൾ)

ii. മുത്തുക്കുടയും ചൂടിയിരിക്കുന്നതെവിടെ?

(മണിപീഠത്തിൽ, കാഞ്ചനസിംഹാസനത്തിൽ, മലയാളത്തറവാട്ടിൽ, തിണ്ണയിൽ)

(c). i. ഉച്ചയാവോളം ചുറ്റുമതിലിൻ പുറത്തു നിന്നതാര് ?

(അമ്മ, അച്ഛൻ, കൂട്ടുകാരി, അമ്മാവൻ)

ii. താഴെകൊടുത്തിരിക്കുന്നവയിൽ റഫീക്ക് അഹമ്മദിന്റെ കവിത ഏത് ?

(തോരാമഴ, കേരളം വളരുന്നു, സാഹിത്യമഞ്ജരി, വെറുതെ)

(d). i .'നിജകർമ്മനിരതരായേതുമാർഗമിയലാ' ആര് ?

(ശാരീരികൾ,ശരീരികൾ, വിവേകികൾ, അവിവേകികൾ)

ii. ഏത് കവിതയിലെ വരികളാണിവ ?

(നളിനി, ലീല, പ്രരോദനം, വീണപൂവ്)

(e). i താഴെ കൊടുത്തിരിക്കുന്നവയിൽ മനുഷ്യജീവിതത്തിന്റെ ക്ഷണികത കാണിക്കുന്നത് ഏത് '?

(ചുട്ടു പഴുത്ത ലോഹത്തിൽ വീഴുന്ന വെള്ളത്തുള്ളി പോലെ,
ലക്ഷ്മിയുമസ്ഥിരയല്ലോ,
കാലമാകുന്ന പാമ്പിന്റെ വായിലകപ്പെട്ട തവള,
നദിയിലൂടെ ഒഴുകുന്ന ചുള്ളിക്കമ്പുകൾ പോലെ)

ii. എഴുത്തച്ഛന്റെ ജീവിത കാലഘട്ടം ഏത് ?

(16ാം നൂറ്റാണ്ട്, 18ാം നൂറ്റാണ്ട്, 14ാം നൂറ്റാണ്ട്, 13ാം നൂറ്റാണ്ട് )

(f), i. ''ഞായറാഴ്ച രാവിലെ അതാ സ്പെഷല് '' ഏതാണ് സ്പെഷല് ?

(വയലും വീടും, ബാലമണ്ഡലം, വാർത്ത, ചിത്രഗീതം)

ii ''ഞായറാഴ്ച രാവിലെ അതാ സ്പെഷല് '' ഇങ്ങനെ പറയുന്നതാര് ?

(കുഞ്ഞനം, ചെമ്പുമത്തായി, ചാക്കുണ്ണി, സുകുമാരൻ)

(g). i 'ആചാര്യാ വേഗത്തിൽ നിറകുടം കൊണ്ടുവരൂ 'ദുര്യാധനൻ ഇങ്ങനെ പറയുന്നതാരോട് ?

(കൃതവർമ്മാവ്, ദ്രൗണി, കൃപർ, സഞ്ജയൻ)

ii. താഴെക്കൊടുത്തിരിക്കുന്നവയിൽ കുട്ടികൃഷ്ണമാരാരുടെ കൃതി അല്ലാത്തതേത് ?

(ദന്തഗോപുരം, ചർച്ചായോഗം, ഭാരതപര്യടനം, ആൾക്കൂട്ടത്തിൽ തനിയെ )

(h).i വെള്ളായിയപ്പൻ യാത്ര പുറപ്പെടുന്നതെവിടേക്ക് ?

(കണ്ണൂർ, പാലക്കാട്, കോഴിക്കോട്, വയനാട്)

ii. വെള്ളായിയപ്പൻ യാത്ര പുറപ്പെടുന്നത് ഏത് ഗ്രാമത്തിൽ നിന്ന് ?

(തസ്റാക്ക്, പാഴുതറ, പൂത്തറ, ആലത്തൂർ)

(i). i സ്വന്തം ജീവിതത്തിൽ നിന്ന് ഒരു ഭാഗംതന്നെ ആരോ പറിച്ചുമാറ്റുന്നതു പോലെ അയാൾക്കു തോന്നി. സന്ദർഭം ഏത് ?

(മകൻ മരിച്ചപ്പോൾ, മകന് അസുഖം ബാധിച്ചപ്പോൾ, ചെമ്പുമത്തായിയുടെ അടുക്കൽ റേഡിയോ പണയം വയ്ക്കുമ്പോൾ, റേഡിയോ വാങ്ങിയപ്പോൾ)

ii. സ്വന്തം ജീവിതത്തിൽ നിന്ന് ഒരു ഭാഗംതന്നെ ആരോ പറിച്ചുമാറ്റുന്നതു പോലെ അയാൾക്കു തോന്നി. ഇങ്ങനെ തോന്നിയത് ആർക്ക് ?

(ചെമ്പുമത്തായി, ചാക്കുണ്ണി, പ്രേക്ഷകർ, പ്രാഞ്ചീസ്)

(j). i ''ഞാൻ ശിബിരത്തിൽ കടന്നു കാലനെപ്പോലെ പ്രവർത്തിക്കും''.ഇങ്ങനെ പറയുന്നതാര് ?

(ദ്രൗണി, ഭീമൻ, ദുര്യോധനൻ, അർജ്ജുനൻ)

ii. ''ഞാൻ ശിബിരത്തിൽ കടന്നു കാലനെപ്പോലെ പ്രവർത്തിക്കും''.ഇങ്ങനെ പറയുന്നതാരോട്?

(ഭീമൻ, ദുര്യോധനൻ, അർജ്ജുനൻ, കൃപകൃതവർമ്മാക്കൾ)

**ബി-വിഭാഗം / SECTION B**

5. (a). പ്രയോഗം മാറ്റുക (2X1 = 2)

i. അപ്പോൾ അയാളെ പറഞ്ഞറിയിക്കാനാവാത്ത ഒരേകാന്തത വലയം ചെയ്തു.

ii. ദുര്യോധനൻ ദ്രോണപുത്രനെ സേനാപതിയായി അഭിഷേചിച്ചു..

(b). അർത്ഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക (1X1 = 1)

i. തീവണ്ടിയുടെ ചീറ്റലും നടുക്കവും വെള്ളായിയപ്പനെ ഉണർത്തി.

(c). അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക (1X1 =1)

I. യുദ്ധത്തിന്റെ ആദ്യ ദിവസങ്ങളിൽ ഈ കരാറെല്ലാം ഏറെക്കുറെ പാലിക്കപ്പെട്ടു.

(d). ഏതെങ്കിലും രണ്ടെണ്ണം വാക്യത്തിൽ പ്രയോഗിക്കുക (2X1 = 2)

i. ഉത്തരവിടുക, ii. വാഴ്ത്തുക, iii. ആശ്വസിപ്പിക്കുക

(e). വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക (2X1 = 2)

i. ആറാട്ടുകുന്നിൽ റേഡിയോ വാങ്ങിച്ച ആദ്യത്തെ പ്രഥമ പൗരൻ ചാക്കുണ്ണിയായിരുന്നു.

ii. രാജാവിന്റെ ഈ വിലാപം കേട്ട ആയിരക്കണക്കിന് ജനസഹസ്രങ്ങൾ കണ്ണും നിറച്ച് അങ്ങുമിങ്ങും പാഞ്ഞുപോയി.

6. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക

(a). ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക 5

i. നവ മാധ്യമങ്ങളും ഇന്നത്തെ സമൂഹവും

ii. സാമൂഹ്യപുരോഗതിക്ക് തടസ്സമാകുന്ന അഴിമതി

(b). കുട്ടികൾക്കും സ്ത്രീകൾക്കുമെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയാൻ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സ്കൂൾ ലീഡർ എന്ന നിലയിൽ മുഖ്യമന്ത്രിക്ക് ഒരു കത്ത് എഴുതുക 5

(c). മായം ചേർന്ന ഭക്ഷണസാധനങ്ങൾ മാർക്കറ്റുകളിൽ വിൽക്കുന്നതിനെ അടിസ്ഥാനമാക്കി പത്രവാർത്ത തയ്യാറാക്കുക 4

7. താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നിർദ്ദേശമനുസരിച്ച് ഉത്തരമെഴുതുക (ഓരോന്നിനും 3 മാർക്കു വീതം)

(a). ഏതെങ്കിലും രണ്ടു ചോദ്യത്തിനു മാത്രം ഉത്തരമെഴുതുക (2X3=6)

i. .'' അതിനെ അവനെ എപ്പോഴും എവിടെയും കരുതിയിരുന്നുകൊള്ളുക എന്ന താക്കീതാണ് അശ്വത്ഥാമാവിനെ ചിരഞ്ജീവിയും സർവ്വവ്യാപിയുമായി കൽപിച്ചതിനർത്ഥം'' സമർത്ഥിക്കുക

Ii. റേഡിയോ പണയം വെച്ചതിന് ശേഷമുള്ള ചാക്കുണ്ണിയുടെ അവസ്ഥ കഥാകൃത്ത് പണയം എന്ന കഥയിൽ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ ?

iii. വെള്ളായിയപ്പൻ എന്ന കഥാപാത്രത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക

(b). ഏതെങ്കിലും രണ്ടു ചോദ്യത്തിന് മാത്രം ഉത്തരമെഴുതുക (2X3=6)

i. മലയാളദേശം ഓണത്തെ സ്വീകരിക്കുന്നതെങ്ങനെയെന്ന് പാഠഭാഗത്തു നിന്ന് കണ്ടെത്തി എഴുതുക

Ii. ''അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ'' ഏത് കവിതയിലെ വരികളാണിവ ? ആശയം വിശദീകരിക്കുക

iii. .'അമ്മത്തൊട്ടിൽ' എന്ന കവിതയിൽ അമ്മയുടെ കണ്ണുകളെ മങ്ങിപ്പഴകിയ പിഞ്ഞാണ വർണ്ണമായി എന്നു വിശേഷിപ്പിച്ചിരിക്കുന്നു എന്തുകൊണ്ട് ? വിശദീകരിക്കുക.

(c). ഏതെങ്കിലും രണ്ടു ചോദ്യത്തിന് മാത്രം ഉത്തരമെഴുതുക (2X3=6)

i. ചട്ടമ്പിസ്വാമികൾ സ്വാമിനാഥദേശികരുടെ ശിഷ്യനായിത്തീരാനിടയായ സാഹചര്യം വിവരിക്കുക.

Ii. വിജ്ഞാനദാഹിയായ വിപ്ലവകാരി എന്ന് ചട്ടമ്പിസ്വാമികൾ വിശേഷിപ്പിക്കപ്പെടുന്നു. വിശദീകരിക്കുക.

iii. ചട്ടമ്പിസ്വാമിയുടെ ശിഷ്യൻമാർ ആരെല്ലാമായിരുന്നു ?